Draft #1 of File 141498/AD A1-3/2021/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 26-Oct-2021 04:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 141498/AD A1-3/2021/എ ഡി എ 1 തീയതി: 26.10.2021

പ്രിയദർശിനി ഹിൽസ്,

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം: സർവ്വകലാശാല ദിവസ വേതന ജീവനക്കാരുടെ വേതന തീയതി - പരിഷ്കരണം - കരാർ വിഭാഗം ജീവനക്കാരെ കൂടി ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1.12.10.2021 തീയതിയിലെ സർവ്വകലാശാല പരിപത്രം നം. 26895/AD A1/3/എ ഡി എ 1/AD A1
2. CITAD വിഭാഗത്തിലെ കരാർ ജീവനക്കാർ 21.10.2021 ൽ നൽകിയ സമർപ്പണം

സർവ്വകലാശാലയിലെ എല്ലാ വിഭാഗം ദിവസ വേതന ജീവനക്കാരുടെയും വേതനം പോയ മാസം 26 മുതൽ തൻമാസം 25 വരെയുള്ള ഹാജർ കണക്കാക്കി, വേതന വിതരണം അതാത് മാസം 5-ാം തീയതിക്കുള്ളിൽ പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട്, ടി ജീവനക്കാരുടെ വേതന തീയതി സൂചന പ്രകാരം, പരിഷ്കരിച്ചിരുന്നു. പ്രസ്തുത പരിപത്രത്തിൻറെ പരിധിയിൽ, സർവ്വകലാശാലയിലെ എല്ലാ വിഭാഗം കരാർ ജീവനക്കാരെയും കൂടി ഉൾപ്പെടുത്തുന്നത് വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നു.

ആയതിനാൽ, സൂചന പരിപത്രത്തിലെ നിർദ്ദേശപ്രകാരം, എല്ലാ വിഭാഗം കരാർ ജീവനക്കാരുടെയും വേതനം പോയ മാസം 26 മുതൽ തൻമാസം 25 വരെയുള്ള ഹാജർ കണക്കാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാലാ പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം